Draft #76 of File 22249/AD A1/COM.ASST/2019/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 07-Nov-2023 02:34 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

ഭരണകാര്യം: 2022-23 അക്കാദമിക വർഷത്തിൽ പുതുതായി / അധികമായി അനുവദിക്കപ്പെട്ടിട്ടുള്ള പ്രോഗ്രാമുകൾ / കോളേജുകൾ - സെക്ഷൻ രൂപീകരണം / ജോലിക്രമീകരണങ്ങൾ - അനുവദിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഭരണ വിഭാഗം എ 1 സെക്ഷൻ**

നമ്പർ. 11198/AD A1/2023/എം.ജി.യു                                   പ്രിയദർശിനി ഹിൽസ്,തീയതി: 07.11.2023

*പരാമർശം:*-പരീക്ഷാ കൺട്രോളറുടെ 01.11.2023 തീയതിയിലെ സി.ഇ. 501/275 / 2023 നമ്പർ കുറിപ്പ്, വൈസ് ചാൻസലറുടെ ഉത്തരവ് സഹിതം.

**<u>ഉത്തരവ്</u>**

2022-23 അക്കാദമിക വർഷത്തിൽ വിവിധ പ്രോഗ്രാമുകളും കോളേജുകളും പുതുതായി / അധികമായി സർവ്വകലാശാലയിൽ അനുവദിക്കപ്പെട്ടിട്ടുണ്ട്. അതിൽത്തന്നെ ബിരുദതലത്തിൽ ന്യൂജനറേഷൻ പ്രോഗ്രാമുകളാണ് കൂടുതലായി അനുവദിക്കപ്പെട്ടിരിക്കുന്നത്. നാലു സെക്ഷനുകളിലായി കൈകാര്യം ചെയ്യപ്പെട്ടിരുന്ന ന്യൂജനറേഷൻ ബിരുദ പ്രോഗ്രാമുകളുടെ ടാബുലേഷൻ ജോലികൾ നിലവിൽ 3 സെക്ഷനുകളാണ് ചെയ്തുവരുന്നത്. പ്രസ്തുത സെക്ഷനുകളുടെ നിലവിലെ ജോലിഭാരം കണക്കിലെടുത്തും, കൂടുതലായി ന്യൂജനറേഷൻ പ്രോഗ്രാമുകൾ അനുവദിക്കപ്പെട്ടിരിക്കുന്ന സാഹചര്യത്തിലും, താഴെ പരാമർശിച്ചിരിക്കുന്ന ക്രമീകരണങ്ങൾ സർവ്വകലാശാലയിൽ ഏർപ്പെടുത്തിക്കൊണ്ട് മേൽ പരാമർശം പ്രകാരം വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

- ബി.കോം. (പ്രൈവറ്റ്) ടാബുലേഷൻ സെക്ഷനായ EG 4-ലെ ജോലികൾ മറ്റ് പ്രൈവറ്റ് ടാബുലേഷൻ വിഭാഗങ്ങൾക്ക് നൽകിക്കൊണ്ട്, ടി സെക്ഷന് പകരം, പുതുതായി / അധികമായി അനുവദിച്ചിരിക്കുന്ന ന്യൂജനറേഷൻ പ്രോഗ്രാമുകളുടെ ടാബുലേഷൻ ജോലികൾ നിർവ്വഹിക്കുന്നതിനായി CBCSS 29 എന്ന പുതിയ ഒരു സെക്ഷൻ രൂപീകരിച്ചിരിക്കുന്നു. ആയത് പ്രകാരം, EG 4 സെക്ഷനിലെ സെക്ഷൻ ഓഫീസർ, അസിസ്റ്റന്റുമാർ എന്നിവരെ CBCSS 29 സെക്ഷനിലേക്ക് മാറ്റുന്നു.
- ന്യൂജനറേഷൻ ബിരുദ പ്രോഗ്രാമുകളുടെ ടാബുലേഷൻ ജോലികൾ ചെയ്യുന്ന മറ്റ് സെക്ഷനുകളിൽ കൈകാര്യം ചെയ്യപ്പെടുന്ന കോളേജുകളിൽ അധിക ബാച്ച് അനുവദിക്കപ്പെട്ടിട്ടുണ്ടെങ്കിൽ, ജോലിഭാരം കണക്കിലെടുത്ത് ആവശ്യമായ പുന:ക്രമീകരണം നടത്തുന്നതിന് അസിസ്റ്റന്റ് രജിസ്ട്രാർ 23 (പരീക്ഷാവിഭാഗം)-നെ ചുമതലപ്പെടുത്തിയിരിക്കുന്നു.
- EG 4 സെക്ഷനിൽ ചെയ്തുകൊണ്ടിരിക്കുന്ന ജോലികൾ, മറ്റ് ബി.കോം. (പ്രൈവറ്റ്) ടാബുലേഷൻ സെക്ഷനുകൾക്ക് വീതിച്ചുനൽകുന്നതിനായി അസിസ്റ്റന്റ് രജിസ്ട്രാർ 10 (പരീക്ഷാവിഭാഗം)-നെ ചുമതലപ്പെടുത്തിരിയിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ബിനോയ് എ ആർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ബന്ധപ്പെട്ട വ്യക്തികൾ/ സെക്ഷനുകൾ
2. വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി
3. രജിസ്ട്രാർ/പരീക്ഷാ കൺട്രോളർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ.-മാർ
4. ജോയിൻറ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണം/ധനകാര്യം/പരീക്ഷ/അക്കാദമികം )
5. ജോയിൻറ് ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ്, എം ജി സർവ്വകലാശാല
6. പി. ആർ. ഒ /ഐ.ക്യു.എ.സി. /ഐ.ടി.സെൽ 1/2 / യൂണിവേഴ്സിറ്റി വെബ്സൈറ്റ്
7. റെക്കോർഡ്സ് / സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി /ഡേ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #76 of File 22249/AD A1/COM.ASST/2019/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 07-Nov-2023 02:34 PM - Page 2